പതിനഞ്ചാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

ബഹു. സ്പീക്കറുടെ റൂളിംഗ്
11-06-2024

നിയമനിർമ്മാണം

ബില്ലുകൾ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെ പാസ്സാക്കിയ നടപടി

2024 ജൂൺ മാസം 11-ാംാം തീയതി ധനകാര്യം പരിഗണിക്കുന്നതിനുമുമ്പായി 2024 ജൂൺ മാസം 10-ാംാം തീയതി സഭയിൽ അവതരിപ്പിക്കപ്പെട്ട 2024-ലെ കേരള മുനിസിപ്പാലിറ്റി (രണ്ടാം ഭേദഗതി) ബില്ലും 2024-ലെ കേരള പഞ്ചായത്ത് രാജ് (രണ്ടാം ഭേദഗതി) ബില്ലും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കാതെ ബന്ധപ്പെട്ട ചട്ടങ്ങൾ താൽക്കാലികമായി സസ്പെൻഡ് ചെയ്തുകൊണ്ട് അന്നുതന്നെ പാസ്സാക്കിയ നടപടിയിലെ അപാകം സംബന്ധിച്ച് പ്രതിപക്ഷനേതാവും രണ്ട് പ്രതിപക്ഷാംഗങ്ങളും ക്രമപ്രശ്നം ഉന്നയിക്കുകണ്ടായി.

2025-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വാർഡ് വിഭജനം ഉൾപ്പെടെയുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ട സാഹചര്യമുള്ളതിനാലാണ് ചട്ടം സസ്പെന്റ് ചെയ്തുകൊണ്ട് ബിൽ അടിയന്തരമായി പാസ്സാക്കേണ്ടി വന്നതെന്ന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി വിശദീകരണം നൽകി.

ബഹുമാനപ്പെട്ട സ്പീക്കർ താഴെപ്പറയുംപ്രകാരം റൂളിംഗ് നൽകി[+].

"സഭയിൽ അവതരിപ്പിക്കുന്ന ധനവിനിയോഗ ബില്ലുകൾ ഒഴികെയുള്ള എല്ലാ ബില്ലുകളും ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെയോ അതിനായി രൂപീകരിക്കുന്ന സെലക്ട് കമ്മിറ്റിയുടെയോ പരിഗണനയ്ക്ക് അയയ്ക്കുകയും പ്രസ്തുത സമിതികൾ വിശദമായ പരിശോധന

[+].

നടത്തിയതിനുശേഷം മാത്രം തിരിച്ച് സഭയിൽ കൊണ്ടുവന്ന് പാസ്സാക്കുകയും ചെയ്യുക എന്നത് നമ്മുടെ നിയമസഭാ ചട്ടങ്ങളിൽ വ്യക്തമായി പ്രതിപാദിക്കുന്നുണ്ട്. എന്നിരുന്നാലും വളരെ അടിയന്തര ഘട്ടങ്ങളിലും വ്യക്തമായ കാര്യകാരണങ്ങളുടെ അടിസ്ഥാനത്തിലും ബന്ധപ്പെട്ട ചട്ടങ്ങൾ സസ്പെന്റ് ചെയ്തുകൊണ്ട് നിരവധി ബില്ലുകൾ സഭയിൽ അവതരിപ്പിക്കുകയും കമ്മിറ്റികളുടെ പരിഗണനയ്ക്ക് അയയ്ക്കാതെ പൊതുചർച്ചയ്ക്കുശേഷവും ചർച്ച കൂടാതെയും സഭയിൽ പാസ്സാക്കിയിട്ടുണ്ട്. 2025-ൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്ക് നടക്കാനിരിക്കുന്ന തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട വാർഡ് വിഭജനം ഉൾപ്പെടെയുള്ള നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കേണ്ടതുള്ളതിനാലാണ് ഇപ്രകാരം ഒരു നടപടിയിലേക്ക് പോകുന്നതിലേക്കായി സഭയുടെ അനുമതി തേടിയതെന്ന് തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി വിശദീകരിച്ചതും പരിഗണിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ പ്രതിപക്ഷനേതാവും മറ്റ് രണ്ട് അംഗങ്ങളും ഇവിടെ പ്രകടിപ്പിച്ച വികാരങ്ങളുടെയും ബഹുമാനപ്പെട്ട മന്ത്രിയുടെ വിശദീകരണത്തിന്റെയും അന്തഃസത്ത ഉൾക്കൊണ്ടുകൊണ്ട് ക്രമപ്രശ്നം തീർപ്പാക്കുന്നു."